# THE BIBLE TRUTH

JULY YEAR: 2022



# ബൈബിൾ ട്രൂത്ത്

**പിതാവായ ദൈവം**

↓

**പുത്രനായ ക്രിസ്തു മുഖാന്തരം**

↓

**അപ്പൊസ്തലന്മാർക്ക് നൽകി**

↓

**അപ്പൊസ്തലന്മാർ മുഖാന്തരം**

↓

**സർവ്വ ലോകത്തിനും നൽകി**

↓

**ആ രക്ഷാദൂത് സകല മനുഷ്യരും അനുസരിക്കണം**

- *രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോടു ചേർക്കുന്നു.*
- *നാമധേയ വിഭാഗങ്ങളെല്ലാം ദൈവ പദ്ധതിക്കു പുറത്താണ്.*
- *കൃപയാൽ സൗജന്യമായത്രെ ദൈവം രക്ഷിക്കുന്നത്.*
- *വിശ്വസിക്കുന്നവർ പാപങ്ങളെ വിട്ട് മാനസാന്തരപ്പെടും.*
- *പാപമോചനത്തിന് ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കണം.*
- *നിത്യജീവന്റെ വചനമാണ് പുതിയ നിയമത്തിലുള്ളത്.*
- *പിതാവിന്റെ ഉപദേശപ്രകാരമാണ് ക്രിസ്തു സംസാരിച്ചത്.*

// THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 37** **July 2022** **No.07**

# എഡിറ്റോറിയൽ

അന്ധവിശ്വാസങ്ങൾ അപരിഷ്കൃത ലോകത്തിൽ ഉണ്ടായിരുന്നു എന്നതു വാസ്തവമാണ്. എന്നാൽ പരിഷ്കൃതവും ആധുനികവുമായ ഈ കാലത്തും അനവധി ആളുകൾ അന്ധവിശ്വാസത്തിന്റെ പുറകെയാണ്. എന്താണ് അന്ധവിശ്വാസം എന്നാൽ? അന്ധവിശ്വാസവും യഥാർത്ഥ വിശ്വാസവും തമ്മിലുള്ള വ്യത്യാസം എന്താണ്? വസ്തുനിഷ്ഠമായ പഠനത്തിൽ കൂടെ മാത്രമേ ഇതു മനസിലാക്കാൻ പറ്റൂ. ആയിരക്കണക്കിനു അന്ധവിശ്വാസങ്ങൾ പ്രചുരപ്രചാരത്തിലിരിക്കുന്നുണ്ട്. കുറെയൊക്കെ ചിലർ തങ്ങളുടെ അനുഭവത്തിൽ നിന്നു രുപപ്പെടുത്തിയതും മറ്റു ചിലതു കേട്ടു കേൾവിയിലുടെ കൈമാറി കിട്ടിയതുമാണ്. എങ്ങനെ കിട്ടിയാലും ശരി അവയ്ക്കു അടിസ്ഥാനമില്ല എന്നു ആദ്യം തന്നെ പറഞ്ഞുകൊള്ളട്ടെ. അടിസ്ഥാനമില്ലാത്ത കെട്ടിടം നിലനില്ക്കുകയില്ല. അതുപോലെ ഒരു വസ്തുതയുടെ നിലനില്പിന്, സത്യസന്ധതയ്ക്ക് എല്ലാം അടിസ്ഥാന തെളിവുകൾ വേണം. അതില്ലാത്ത കാലത്തോളം ഒരാൾക്കു സംഭവിക്കുന്നത് മറ്റൊരാൾക്ക് സംഭവിക്കണമെന്നില്ല. തൊട്ടുകൂടായ്മയും ശകുനവുമെല്ലാം അന്ധവിശ്വാസത്തിന്റെ ഭാഗമാണ്. അന്ധവിശ്വാസം എന്നാൽ കണ്ണടച്ചു വിശ്വസിക്കുക എന്നാണ്. നിരവധി ആളുകൾ ഇന്നും തെറ്റായ കാര്യങ്ങളെ ശരി എന്നു വിശ്വസിച്ചുവരുന്നുണ്ട്. അന്ധവിസ്വാസത്തിന്റെ അപകടം നാം അറിയാതിരിക്കരുത്.

രാഷ്ട്രീയക്കാരിലും, സാംസ്കാരിക നായകന്മാരിലും എഴുത്തുകാരിലും, മാദ്ധ്യമ പ്രവർത്തകരിലും എന്തിനേറെ പറയുന്നു മതപരമായ ആളുകളിലും അന്ധവിശ്വാസമുണ്ട്. ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്നവരിലും രാഹുകാലവും, നല്ല ദിവസവും നോക്കുന്നവർ ഉണ്ട്. ഒരു വിവാഹമോ അല്ലെങ്കിൽ അതുപോലെയുള്ള ഏതെങ്കിലും ചടങ്ങുകൾ നടത്തുന്നത് മുകളിൽ പറഞ്ഞ പ്രകാരമാണ്. അന്ധവിശ്വാസങ്ങളെ കടമെടുത്തവർ അവരുടെ മുൻകാലങ്ങളിൽ മുൻ തലമുറക്കാർ അവരുടെ ചുറ്റുപാടുമുള്ളവരിൽ നിന്നു കേട്ടു പഠിച്ചതാകാം. ഒരാൾ ഒരിക്കൽ യാത്രക്കു പുറപ്പെട്ടപ്പോൾ ഒരു പൂച്ച കുറുകെ ചാടി. ആ യാത്രയിൽ അയാൾ ഒന്നു വീണു. പോയ കാര്യം നടന്നുമില്ല. അയാൾ പറഞ്ഞു, പൂച്ച കുറുകെ ചാടിയതു കൊണ്ടാണ് അയാൾ വീണതും പോയകാര്യം നടക്കാതിരുന്നതും. ഇതു കേട്ടവർ മുൻപും ഇങ്ങനെ സംഭവിച്ച അനുഭവസ്ഥർ പറഞ്ഞു കേട്ടിട്ടുള്ളതു പറയും. എണ്ണ വിളക്ക് ഉപയോഗിച്ചിരുന്ന വീടുകളിൽ പെട്ടെന്ന് എണ്ണ തീരുമ്പോൾ കരിന്തിരി കത്തും. അപ്പോൾ പ്രായമായവർ പറയും കഷ്ടകാലത്താണ് കരിന്തിരി കത്തുന്നത്. വാസ്തവത്തിൽ കരിന്തിരി കത്തുന്നതു വിളക്കിൽ എണ്ണ തീർന്നതു കൊണ്ടാണ്. അതു വരുവാനിരിക്കുന്ന കഷ്ടതയുമായി ഒരു ബന്ധവുമില്ല. ആളുകൾ കാര്യകാരണ സഹിതം വിവേചിച്ചാൽ കാര്യങ്ങൾ മനസ്സിലാകും. പക്ഷേ അതിന് അധികം പേരും തയ്യാറാവുന്നില്ല എന്നതാണ് ഖേദകരം.

പലവിധത്തിലുള്ള അന്ധവിശ്വാസങ്ങൾ പ്രചാരത്തിലുണ്ട്. കണികാണലും അതിൽ പെടുന്നതാണ്. നല്ലതും മേന്മയായതുമായ കാഴ്ച കണ്ടിട്ടു പോയാൽ ശുഭമാണെന്നു കരുതുന്നവരുണ്ട്. അതേപോലെ മോശമായ കണി കണ്ട് ഇറങ്ങിയാൽ കുഴപ്പമായിരിക്കും ഫലമെന്നും അവർ വിലയിരുത്തും. ഒരു വീട് പണിയുമ്പോൾ പണ്ടെല്ലാം ദർശനം നോക്കിയാണ് പണിയുന്നത്. വടക്കോട്ടോ അല്ലെങ്കിൽ കിഴക്കോട്ടോ ദർശനം നോക്കി പണിയുന്ന വീട് ഉത്തമമായിരിക്കും എന്നാണ് സ്ഥാനം കാണുന്നവർ പറയുന്നത്. അങ്ങനെ പണി തീർത്ത വീട്ടിൽ കയറി താമസിക്കുന്നതു നല്ല ദിവസവും നല്ല പാകം ചെയ്യുവാൻ ഉണ്ടാവുകയില്ല എന്ന് പറയും. വടക്കുവശത്തി

രുന്നു കാക്ക കരഞ്ഞാൽ, പൂച്ച വാൽ നക്കി തുടച്ചാൽ, പട്ടി ഓളിയിട്ടാൽ, ഇരട്ടപ്പഴം സ്ത്രീകൾ തിന്നാൽ, കാക്ക കുളിക്കുന്നതു കണ്ടാൽ, കാക്ക ദേഹത്തു കാഷ്ഠിച്ചാൽ എല്ലാം അതിന് ഓരോ ഫലമുണ്ടെന്നു പറഞ്ഞു ധരിപ്പിച്ചിരിക്കയാണ്. ഇനിയും അനേകമനേകം അന്ധവിശ്വാസങ്ങൾ നിരത്താൻ കഴിയും. ഇവയെല്ലാം മനുഷ്യരുടെ സങ്കല്പങ്ങളും കണ്ടുപിടിത്തങ്ങളും ആണ്. അവയ്ക്കൊന്നും ആധികാരികതയില്ല. നമുക്ക് ശരിയും തെറ്റും വിവേചിച്ച് മനസ്സിലാക്കാനുള്ള ബുദ്ധി ദൈവം തന്നിട്ടുണ്ട്. ശരിയായ വിശ്വാസം ഇല്ലാത്തവരാണ് അന്ധവിശ്വാസത്തിൽ ആശ്രയിക്കുന്നത്. ഒരാൾ അന്ധവിശ്വാസിയായിരുന്നു. അയാൾ നല്ല ദിവസവും സമയവും കണിയും എല്ലാം നോക്കി പോയി ഒരു പുഴയിൽ വീണ് അഴുക്കു പുരണ്ട സംഭവം എനിക്ക് നേരിട്ട് അറിയാനിടയായതാണ്.

വിശുദ്ധ വേദപുസ്തകത്തിൽ ദൈവം സൃഷ്ടിച്ച ദിവസങ്ങളും മാസങ്ങളും കാലങ്ങളും എല്ലാം നല്ലതാണ്. അതിൽ മോശമായതൊന്നുമില്ല. പിന്നെ കുഴപ്പങ്ങൾ സംഭവിക്കുന്നത് നമ്മുടേയോ അല്ലെങ്കിൽ മറ്റുള്ളവരുടേയോ അപരാധം നിമിത്തം സംഭവിക്കുന്നതാണ്. അതിൽ ആളുകൾ വിധിയെന്നോ, കണിദോഷമെന്നോ പറഞ്ഞു സമാധാനിക്കയാണ്. യഥാർത്ഥ കാരണം ഞാൻ മുൻപു പറഞ്ഞതാണ്. അതിനാൽ കണ്ണുമടച്ച് ഇത്തരം പ്രചാരങ്ങളെ വിശ്വസിക്കാതെ ദൈവവചനം കേട്ടു ക്രിസ്തുവിലും അവന്റെ ഉപദേശങ്ങളിലും വിശ്വാസം അർപ്പിക്കുക. സത്യവിശ്വാസം വചനകേൾവിയാൽ വരുന്നു. സത്യവിശ്വാസം ഒരാളിൽ വന്നാൽ അയാളുടെ ജീവിതത്തിനു മാറ്റം ഉണ്ടാകും. മാനസാന്തരം എല്ലാവർക്കും ആവശ്യമാണ്. സത്യസന്ധമായ മാനസാന്തരം ഒരാൾക്ക് ഉണ്ടാകുന്നത് ദൈവത്തിലേക്ക് തിരിയുമ്പോഴാണ്. അപ്പോൾ അയാൾ ക്രിസ്തു യേശുവിന്റെ മഹത്വം മനസ്സിലാക്കും. അവൻ ദൈവപുത്രനാണെന്ന് ഏറ്റുപറഞ്ഞു പാപമോചനത്തിനായി സ്നാനമേല്ക്കയും ചെയ്യും. അങ്ങനെ ചെയ്യുന്നവരെ കർത്താവ് രക്ഷിക്കും. തന്റെ സഭയോടു ചേർക്കുകയും ചെയ്യും. തുടർന്നു മരണത്തോളം വിശ്വസ്തമായി സത്യം അനുസരിച്ചു ജീവിച്ചാൽ ദൈവവുമായി ചേർന്ന് എന്നേക്കും വസിക്കാം.

✱

# സ്നാനം എന്തുകൊണ്ട് രക്ഷിക്കുന്നു?

**ജെ.സി. ചോട്ട്**

കർത്താവിനെ അനുസരിക്കുമ്പോൾ അതിൽ സ്നാനത്തിനുള്ള പങ്കിനെക്കുറിച്ചു അധികം പേരും തെറ്റിദ്ധരിക്കപ്പെട്ടിരിക്കയാണ്. അവരിൽ നിരവധി പേർ സ്നാനത്തിന്റെ പ്രാധാന്യം മനസിലാക്കാത്തവരാണ്. സ്നാനം കൂടാതെ തന്നെ രക്ഷിക്കപ്പെടുവാൻ കഴിയുമെന്ന് വിശ്വസിക്കുന്നവരുമുണ്ട്. മാനുഷികമായ ഉപദേശം പാരമ്പര്യമായി ദൈവകല്പനകളെ ദുർബ്ബലമാക്കുന്നുണ്ട്. തിരുവെഴുത്തുകൾ ഈ വിഷയത്തിലും വ്യക്തത പുലർത്തുന്നുണ്ട്. ഈ വിഷയവും നാം ആധികാരികമായി വിലയിരുത്തണം. അതിനു ദൈവശ്വാസിയമായ ബൈബിളിൽ പുർണ്ണമായി വിശ്വസിക്കണം. എങ്കിലേ അതു വായിച്ചു സത്യം ബോധ്യമാകയുള്ളു.

സ്നാനം എന്നതു ദൈവകല്പനയാണ്. സ്നാനം എന്ന വാക്കിന്റെ നിർവ്വചനത്തിൽ തന്നെ അതെന്താണെന്നു വ്യക്തമാക്കുന്നുണ്ട്. അടക്കം അല്ലെങ്കിൽ നിമഞ്ജനം എന്നാണ്. “സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിന്റെ വ്യപാരാശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേല്ക്കയും ചെയ്തു” (കൊലൊസ്യർ 2:12). പൗലൊസ് റോമർക്ക് ലേഖനം എഴുതിയപ്പോൾ പറയുന്നു, “അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനമേറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടു കൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതു പോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ” (റോമർ 6:3,4).

സ്നാനം അടക്കമാണെന്നു മാത്രമല്ല, അതു വെള്ളത്തിലുള്ള അടക്കമാണെന്നു പറഞ്ഞിരിക്കുന്നു. ഇതിന്റെ നല്ലൊരു ഉദാഹരണം നമുക്കു പ്രവൃത്തികൾ 8-ാം അദ്ധ്യായത്തിൽ കാണാം. അവിടെ ഫിലിപ്പൊസ് എന്ന സുവിശേഷകൻ ഐത്യോപ്യക്കാരനാ ഷണ്ഡനെ തിരുവെഴുത്തു സത്യങ്ങൾ പഠിപ്പിച്ചു കഴിഞ്ഞപ്പോൾ ഷണ്ഡൻ സ്നാനമേല്ക്കുവാൻ താല്പര്യം പ്രകടിപ്പിച്ചു. പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം എന്നു പറഞ്ഞു. അങ്ങനെ തന്റെ വിശ്വാസം അവൻ എറ്റുപറയുകയും ഇരുവരും വെള്ളത്തിൽ ഇറങ്ങി ഫിലിപ്പൊസ് ഷണ്ഡനെ സ്നാനപ്പെടുത്തുകയും ചെയ്തു. അതിനുശേഷം ഇരുവരും വെള്ളത്തിൽ നിന്നു കയറി. പിന്നെ ഷണ്ഡൻ ഫിലിപ്പൊസിനെ കണ്ടില്ല; ഷണ്ഡൻ സന്തോഷിച്ചു തന്റെ വഴിക്കു പോയി (പ്രവൃത്തികൾ 8:39).

ഇപ്പോൾ സ്നാനം എന്താണ് എന്ന് നമുക്ക് മനസിലായല്ലോ. ഇനി അതിന്റെ പ്രാധാന്യം എന്തെന്നു നമുക്കു നോക്കാം. ആദ്യമായി അത് ഒരു ദൈവകല്പനയാണ്. മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റ കർത്താവു തന്റെ ശിഷ്യന്മാർക്കു കല്പന കൊടുത്തു. ലോകത്തിലുള്ള സകല ദേശക്കാർക്കും ഭാഷക്കാർക്കും ജാതികൾക്കും ബാധകമാണ് ഈ കല്പന. എല്ലാവരും യേശുക്രിസ്തുവിന്റെ ശിഷ്യന്മാരാകണം. അതിനു രണ്ടു കാര്യങ്ങൾ മുഖ്യമാണ്. ഒന്ന്, യേശുക്രിസ്തു കല്പിച്ചിട്ടുള്ള കല്പനകൾ ഒക്കെയും പ്രമാണിക്കണം. രണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനമേല്ക്കയും വേണം (മത്തായി 28:18-20). ഇതിനെ മാറ്റുവാൻ മനുഷ്യർക്ക് ആർക്കും അധികാരമില്ല. ദൈവമാണ് പരമാധികാരി എന്നോർക്കുക. മനുഷ്യരെ അവരുടെ പാപങ്ങളിൽ നിന്നു മോചിപ്പിക്കുവാൻ അഥവാ രക്ഷിക്കുവാൻ ദൈവത്തിനു മാത്രമേ കഴിയു. ആ ദൈവത്തെയാണ് നാം അനുസരിക്കേണ്ടത്.

യേശുക്രിസ്തു കല്പിച്ചതിനുസരിച്ചാണ് പത്രൊസ് യെഹൂദന്മാരോട് പ്രസംഗിച്ചത്. അതുകേട്ടു വിശ്വസിച്ചവരോടു പത്രൊസ് പറഞ്ഞതു നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ട് പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേ

ല്പിൻ എന്നാണ്. അവർ അതുകെട്ടു സ്നാനമേറ്റു. കർത്താവു അവരെ രക്ഷിക്കയും തന്റെ സഭയോടു ചേർക്കുകയും ചെയ്തു. ഇതാണ് ആരംഭത്തിൽ നടന്നത്. പിന്നീട് നടക്കുന്ന സ്നാനമെല്ലാം കർത്താവിന്റെ കല്പനകളിലെ ഉദ്ദേശം നിറവേറ്റുന്നതിനായിരുന്നു. കൊർന്നെല്യോസിന്റെ ഭവനത്തിൽ പത്രൊസ് സുവിശേഷം പ്രസംഗിച്ചശേഷം പറയുന്നതു, “നമ്മെപ്പോലെ പരിശുദ്ധാത്മാവു ലഭിച്ച ഇവരെ സ്നാനം കഴിപ്പിച്ചു കൂടാതവണ്ണം വെള്ളം വിലക്കുവാൻ ആർക്കു കഴിയും എന്നു പറഞ്ഞു. പത്രൊസ് അവരെ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം കഴിപ്പിപ്പാൻ കല്പിച്ചു” (പ്രവൃത്തികൾ 10:47,48). പിന്നീട് പത്രൊസ് പറയുന്നതു സ്നാനം നമ്മെ രക്ഷിക്കുന്നു എന്നാണ്. നോഹയുടെ കാലത്തു നോഹയും കുടുംബവും വെള്ളത്താൽ രക്ഷപ്രാപിച്ചു, “അതു സ്നാനത്തിനു ഒരു മുൻകുറി. സ്നാനമോ ഇപ്പോൾ ജഡത്തിന്റെ അഴുക്കു കളയുന്നതായിട്ടല്ല, ദൈവത്തോടു നല്ല മനസാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രേ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ നമ്മെയും രക്ഷിക്കുന്നു” (1 പത്രൊസ് 3:21).

യേശു കൊടുത്ത ആജ്ഞയിൽ പറഞ്ഞിരിക്കുന്നതു “വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും” എന്നാണ് (മർക്കൊസ് 16:16). ദൈവരാജ്യം എന്ന കർത്താവിന്റെ സഭയിൽ പ്രവേശിക്കണമെങ്കിൽ വെള്ളത്താലും ആത്മാവിനാലും ജനിക്കണം. അതായതു പുതുതായി ജനിക്കണം എന്നർത്ഥം (യോഹന്നാൻ 3:3-5). പാപമോചനത്തിനായി സ്നാനമേല്ക്കുന്നവർക്കു ദൈവം പരിശുദ്ധാത്മാവു എന്ന ദാനം കൊടുക്കും. പാപങ്ങളെ കഴുകി കളയുന്നത് സ്നാനത്താലാണ് (പ്രവൃത്തികൾ 22:16). ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേല്ക്കുവന്നവർ ക്രിസ്തുവിനെ ധരിച്ചിരിക്കയാണ് (ഗലാത്യർ 3:27). യെഹൂദന്മാരോ, യവനന്മാരോ, ദാസന്മാരോ, സ്വതന്ത്രരോ നാം എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു (1 കൊരിന്ത്യർ 12:13). സ്നാനം യേശുക്രിസ്തുവിന്റെ യാഗത്തോടു ബന്ധപ്പെടുവാനാണ്. ആ യാഗം പാപപരിഹാരത്തിനായിരുന്നു. നാം അവന്റെ മരണത്തോടും അടക്കത്തോടും ഉയിർപ്പിനോടും പങ്കാളിയായാലേ ദൈവത്തിന്റെ ഉദ്ദേശം നിറവേറ്റപ്പെടുന്നുള്ളു.

ഏ.ഡി. 64-ൽ അപ്പൊസ്തലനായ പൗലൊസ് ദൈവശ്വാസിയമായി പറഞ്ഞു, സ്നാനം ഇപ്പോൾ ഒന്ന് എന്ന് (എഫെസ്യർ 4:5). മറ്റു സ്നാനങ്ങൾ ഉണ്ടായിരുന്നു. പക്ഷെ ഇന്നു പാപമോചനത്തിനു ഏക സ്നാനമേയുള്ളു. പ്രവൃത്തികളുടെ പുസ്തകം മുഴുവൻ പരിശോധിച്ചാൽ പതിനൊന്നു പരിവർത്തന സംഭവങ്ങൾ വിവരിച്ചിരിക്കുന്നതു കാണാം. ഇവരെല്ലാവരും കർത്താവിനെ അനുസരിച്ചവരായിരുന്നു. അവരെല്ലാം യേശു കല്പിച്ചതുപോലെ സ്നാനം ഏറ്റിരുന്നു. ദൈവത്തെ വിശ്വസിച്ചാൽ അവൻ പറഞ്ഞിരിക്കുന്നതു വിശ്വസിക്കും. അങ്ങനെ വിശ്വസിച്ചാൻ അവൻ കല്പിച്ചിരിക്കുന്ന കല്പനകൾ അങ്ങനെതന്നെ അനുസരിക്കും. മനുഷ്യർ എന്തു പഠിപ്പിക്കുന്നുവെന്നോ മനുഷ്യർ എന്തു ചെയ്യുന്നു എന്നോ നോക്കുകയില്ല.

സ്നാനം കൊണ്ടു മാത്രം രക്ഷ പ്രാപിക്കുമെന്നു ബൈബിളിൽ ഒരു സ്ഥലത്തും പറയുന്നില്ല. വെള്ളരക്ഷയെക്കുറിച്ചും ബൈബിൾ പറയുന്നില്ല. നാം മുൻപു കണ്ടതായി തിരുവെഴുത്തുകളുടെ അടിസ്ഥാനത്തിന്മേലാണ് കർത്താവു രക്ഷിക്കുന്നത്. അതുകൊണ്ടാണ് ദൈവപദ്ധതിയിൽ ദൈവവചനം എല്ലാവരും കേൾക്കണം എന്നു പറഞ്ഞിരിക്കുന്നത്. കേൾക്കുവാൻ കഴിയാത്തവർക്കു വായിച്ചു ഗ്രഹിക്കാൻ കഴിയുമല്ലൊ. ദൈവത്തിലും യേശുക്രിസ്തുവിലും ആളുകൾ വിശ്വസിക്കേണ്ടതു തിരുവെഴുത്തിൽ കുടെയാണ്. യേശുക്രിസ്തു ദൈവപുത്രനാണെന്നു വിശ്വസിച്ചുകൊണ്ട് പാപത്തെ വിട്ടുകളയണം. അതിനു ബൈബിളിൽ പറഞ്ഞിരിക്കുന്നതു മാനസാന്തരം എന്നാണ്. തീരുമാനം ഓരോ വ്യക്തിയും സ്വയമായി എടുക്കണം. അതായതു ആരുടേയും നിർബന്ധത്താൽ അരുത് എന്നർത്ഥം. വാസ്തവത്തിലുള്ള മാനസാന്തരം ഹൃദയങ്ങളിൽ രൂപാന്തരം വരുത്തും. അപ്പോൾ പാപമോചനത്തിന് നാം ദൈവകല്പനയിൽ ആശ്രയിക്കണം. പാപമോചനത്തിന് വേണ്ടിയുള്ള സ്നാനം ഏല്ക്കുവാൻ വെള്ളത്തിൽ അടക്കം ചെയ്യപ്പെടണം. പാപസംബന്ധമായ ശരീരത്തെയാണ് നാം അടക്കം ചെയ്യേണ്ടത്. അപ്രകാരം സ്നാനമേറ്റു വെള്ളത്തിൽ നിന്നു കയറിവരുന്ന ഒരാൾ പുതിയ സൃഷ്ടിയായിത്തീരുന്നു. വിശ്വാസം ഇല്ലാതെയാണ് ഇതെല്ലാം ചെയ്യുന്നതെങ്കിൽ ഫലമില്ല.

വിശ്വാസം കുടാതെ നമുക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല. ദൈവം തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം നല്കുമെന്ന് നാം വിശ്വസിക്കണം. അതുപോലെയാണ് മാനസാന്തരവും. മാനസാന്തരപ്പെട്ടില്ലെങ്കിൽ നാം നശിച്ചുപോകും (എബ്രായർ 11:6; ലൂക്കോസ് 13:3). കർത്താവു ദൈവപുത്രനാണെന്നു വിശ്വസിച്ചാൽ മാത്രം പോരാ; നാം അതു ഏറ്റുപറയുകകൂടെ ചെയ്യണം. ഇല്ലെങ്കിൽ കർത്താവു നമ്മെയും ഏറ്റുപറയുകയില്ല (മത്തായി 10:32,33). ക്രിസ്തുവിനോടു ചേരുവാൻ, പാപമോചനത്തിനായുള്ള സ്നാനവും രക്ഷക്കുവേണ്ടിയാണ് കല്പിച്ചിരിക്കുന്നതു. രക്ഷയ്ക്കു ഏതെങ്കിലും ഒന്ന് ആവശ്യമില്ല എന്നു പറയാൻ മനുഷ്യർക്ക് ആർക്കും അവകാശമില്ല. നാം ചെയ്യുന്ന ഏതൊരു പ്രവൃത്തിയായാലും അതിന്റെ ആധികാരികത നാം തിരിച്ചറിയണം. സ്നാനം കൊണ്ടു മാത്രമോ സ്നാനം കൂടാതെയോ രക്ഷകിട്ടുമെന്ന് ആർ പറഞ്ഞാലും അതു ലഭിക്കുന്നതല്ല. കാരണം ദൈവം പറഞ്ഞിരിക്കുന്നതു പൂർണ്ണമായി നാം അംഗീകരിക്കണം (റോമർ 10:17; എഫെസ്യർ 3:3,4; യോഹന്നാൻ 8:24; മർക്കൊസ് 16:16).

അതുകൊണ്ട് തിരുവെഴുത്തു വെളിപ്പെടുത്തിയിരിക്കുന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണം. മനുഷ്യർ എന്തു പഠിപ്പിക്കുന്നുവെന്നോ, ഭൂരിഭാഗം ആളുകൾ ചെയ്യുന്നതെന്തെന്നോ നാം നോക്കരുത്. നാം ചെയ്തിരിക്കുന്നതു വചന പ്രകാരമല്ലെങ്കിൽ ഉടനെ പചനപ്രകാരം ദൈവത്തെ അനുസരിക്കുവാനുള്ള മനസാണ് നമുക്ക് വേണ്ടത്. നിങ്ങൾ വചനാനുസരണം സ്നാനം ഏറ്റിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ ബൈബിൾ പറയുന്നതനുസരിച്ചു സ്നാനമേല്ക്കുക. സ്നാനത്തിന്റെ പ്രാധാന്യം മനുഷ്യർക്കല്ല ദൈവത്തിനാണ് അറിവുള്ളത്. നമുക്ക് ഏറ്റവും നല്ലത് എന്തെന്നു അറിവുള്ള ദൈവം പറഞ്ഞിരിക്കുന്നതു അങ്ങനെ തന്നെ അനുസരിക്കുക. അതിനു ദൈവം നിങ്ങളെ പ്രചോദിപ്പിക്കട്ടെ.

✶

# സ്വധർമ്മ പരിത്യാഗത്തിന്റെ മുന്നറിയിപ്പ്

ദില്ലാർഡ് തർമൻ

വലപ്പോഴായി ദൈവം നമ്മെ മുന്നറിയിച്ചിട്ടുണ്ട്. ഒരു തലമുറയിധികം കർത്താവിന്റെ സഭ പരിത്യജിക്കാതെ നിന്നില്ല. വ്യക്തികളാണല്ലൊ സഭയിലുള്ളത്. അവർ ക്രിസ്തുവിന്റെ സുവിശേഷ ഘോഷണത്താൽ വിളിച്ചു വേർതിരിക്കപ്പെട്ടവരാണ്; മനുഷ്യരുടെ ശാരീരിക ഇച്ഛകൾ ആത്മീയ ഗോളത്തിൽ നിലനിർത്താൻ ആഗ്രഹിക്കുന്നവർ കർത്താവിന്റെ സഭയുടെ വിശുദ്ധിയെക്കുറിച്ചു ചിന്തിക്കുന്നില്ല. “ആകയാൽ താൻ നില്ക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ. (1 കൊരിന്ത്യർ 10:12). തെറ്റിപ്പോകാനോ വീണുപോകാനോ സാധ്യമല്ലാതിരുന്നെങ്കിൽ ഈ മുന്നറിയിപ്പുകൾ ആവശ്യമില്ലല്ലൊ. നമ്മുടെ അരുമനാഥൻ ഈ മുന്നറിയിച്ചിരിക്കുന്നതും ശ്രദ്ധിക്കുക. “ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ. ഞാൻ ക്രിസ്തു എന്നു പറഞ്ഞു അനേകർ എന്റെ പേർ എടുത്തുവന്നു പലരോയും തെറ്റിക്കും (മത്തായി 24:4,5). ചിലർ തങ്ങളുടെ സഭ പറയുന്നതല്ല ബൈബിളിൽ എന്നു കാണിച്ചാൽ ബൈബിൾ വായിക്കാൻ താല്പര്യമില്ലാത്തവരുണ്ട്.

### ബൈബിളിനോട് നമുക്ക് ഉണ്ടായിരിക്കേണ്ട മനോഭാവം

ഒരാൾ ദൈവത്തോടു അടുക്കുന്നതിനു ബൈബിളിലേക്കു അടുക്കേണ്ടതായിട്ടുണ്ട്. അതായതു വചനത്തിലേക്ക് അടുക്കണം. ഈ കാര്യത്തിൽ ദാവീദ് നമുക്ക് ഒരു മാതൃക വെച്ചിട്ടുണ്ട്. നിന്റെ പ്രമാണങ്ങളാൽ ഞാൻ വിവേകമുള്ളവനാകുന്നു. അതുകൊണ്ട് ഞാൻ സകല വ്യാജമാർഗ്ഗവും വെറുക്കുന്നു (സങ്കീർത്തനങ്ങൾ 119:104). നാം ശരിയായ വഴി മനസ്സിലാക്കുക മാത്രം പോരാ, തെറ്റായ വഴികളെ ഉപേക്ഷിക്കയും വേണം. കാരണം അവ നമ്മെ നാശത്തിലേക്കു നയിക്കും. “ആകയാൽ നിന്റെ സകല പ്രമാണങ്ങളും ശരിയെന്നു എണ്ണി ഞാൻ സകല വ്യാജമാർഗ്ഗത്തെയും വെറുക്കുന്നു.” (സങ്കീർത്തനങ്ങൾ 104:28). അതു കൂടാതെ പുതിയനിയമത്തിൽ ദുരുപദേഷ്ടാക്കന്മാരെ മുന്നറിയി

ച്ചിരിക്കുന്നതു, "ഇങ്ങനെയുള്ളവർ കള്ള അപ്പൊസ്തലന്മാർ, കപട വേലക്കാർ, ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരുടെ വേഷം ധരിക്കുന്നവരത്രേ; അതു ആശ്ചര്യവുമല്ല; സാത്താൻ താനും വെളിച്ച ദൂതന്റെ വേഷം ധരിക്കുന്നുവല്ലൊ. ആകയാൽ അവന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമില്ല; അവരുടെ അവസാനം അവരുടെ പ്രവൃത്തികൾക്കു ഒത്തതായിരിക്കും" (2 കൊരിന്ത്യർ 11:13–15).

പുരോഹിതന്മാർ, പാസ്റ്റർമാർ എന്നീ പേരുകളിൽ അറിയപ്പെടുന്നവരുണ്ട്. അവർക്കു ബൈബിൾ പരിജ്ഞാനമുണ്ടെന്ന് വിചാരിച്ച് അവർ പറയുന്നതെല്ലാം ശരിയായിരിക്കും എന്നു കരുതരുത്. കാരണം അങ്ങനെ അനേകർ വഞ്ചിക്കപ്പെട്ടിട്ടുണ്ട്. വ്യാജാത്മാക്കളുടേയും ഭൂതങ്ങളുടേയും ഉപദേശം കേൾക്കുന്നവർ വഞ്ചിക്കപ്പെടുന്നു. ധാരാളം ഉപദേശങ്ങളും ധാരാളം വഴികളും ലോകത്തിൽ പ്രചാരത്തിലുണ്ട്. അരവൈദ്യൻ ആളെക്കൊല്ലിയാണ് എന്നു പറയുന്നതുപോലെയാണ് ഇവരും. അവിടെയും ഇവിടെയും തൊടാതെ അവർ കാര്യങ്ങൾ പറയും. എനിക്ക് നിങ്ങളോട് പറയുവാനുള്ളത് ഏത് ആത്മാവിനേയും പരിശോധിക്കാതെ, ദൈവത്തിൽ നിന്നുള്ളവയാണ് എന്നു തീരുമാനിക്കരുത്. കേൾക്കുന്ന കാര്യങ്ങളെ വചനവുമായി ഒത്തുനോക്കുകയാണ് വേണ്ടത്. ബെരോവയിലെ ക്രിസ്ത്യാനികൾ കേട്ടതു വചനവുമായി പരിശോധിക്കുന്നവരായിരുന്നു (പ്രവൃത്തികൾ 17:11). ദൈവവചനത്തിൽ പറയുന്നതു മാത്രമേ വിശ്വസിക്കാവൂ. എഴുതിയിരിക്കുന്നതിനപ്പുറമായി നാം ഭവിക്കരുത് (1 കൊരിന്ത്യർ 4:6). സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുവാൻ ആളുകൾ തയ്യാറാകണം. സത്യത്തെ സ്നേഹിച്ച് അനുസരിക്കുന്നവരായാൽ മാത്രമേ നമുക്കു ദൈവത്തിൽ നിന്നു പ്രതിഫലം ലഭിക്കയുള്ളു.

## ഒരു വീഴ്ചയെക്കുറിച്ച് പൗലൊസ് മുന്നറിയിക്കുന്നുണ്ട്!

പൗലൊസിന്റെ കാലയളവിൽ തന്നെ വേർപിരിയലിന്റെ അടയാളത്തെ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ ഞങ്ങളുടെ സുവിശേഷം മറഞ്ഞിരിക്കുന്നു എങ്കിൽ നശിച്ചു പോകുന്നവർക്കത്രേ മറഞ്ഞിരിക്കുന്നു ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി. ഞങ്ങ

ളെത്തന്നെ അല്ല, ക്രിസ്തുയേശുവിനെ കർത്താവ് എന്നും ഞങ്ങളെയോ യേശുനിമിത്തം നിങ്ങളുടെ ദാസന്മാർ എന്നും അത്രേ ഞങ്ങൾ പ്രസംഗിക്കുന്നതു (2 കൊരിന്ത്യർ 4:3–5). സുവിശേഷത്തെ സാത്താൻ മറെച്ചു പിടിച്ചിരിക്കയാണ്. അതു സത്യസുവിശേഷത്തെയാണ്. വ്യാജ സുവിശേഷം പ്രചാരത്തിൽ വരുത്തിയതുകൊണ്ട് അധിക ആളുകളും സത്യം അനുസരിക്കാതിരിക്കുന്നു.

ഇന്നു ദൈവവചനത്തിലെ പുസ്തകം, അദ്ധ്യായം, വാക്യം എന്നിവയേക്കാൾ പ്രാധാന്യം രോഗസൗഖ്യ പ്രകടനത്തിനു നല്കി ദൈവവചന പ്രസംഗത്തിന്റെ പ്രാധാന്യത്തെ തൃച്ഛീകരിക്കുന്നവരാണ് അധികവും. ഇതു ആളുകളെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. നമ്മുടെ പൊതുവിലുള്ള രക്ഷക്കായി ദൈവം വെച്ചിരിക്കുന്ന കൃപയുടെ വചനത്തെ രക്ഷാസന്ദേശമായിട്ടാണ് ദൈവം വെച്ചിരിക്കുന്നത്. “അതു നിമിത്തം അവർ ആരോഗ്യമുള്ളവരായി തീരേണ്ടതിനും യഹൂദ കഥകളെയും സത്യം വിട്ടകലുന്ന മനുഷ്യരുടെ കല്പനകളെയും ശ്രദ്ധിക്കാതിരിക്കേണ്ടതിനും അവരെ കഠിനമായി ശാസിക്ക” (തിത്തൊസ് 1:13,14). ദൈവിക സത്യത്തിൽ നിന്നു നമ്മെ മറ്റൊന്നും വ്യതിചലിപ്പിക്കുവാൻ അനുവദിക്കരുത്! സത്യം നിങ്ങൾ അറിയും സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നാണ് കർത്താവ് പഠിപ്പിച്ചത് (യോഹന്നാൻ 8:32). പാപം നമ്മെ അടിമയാക്കും. അതിൽ നിന്നു നമ്മെ മോചിപ്പിക്കുന്നതു സത്യം എന്ന ദൈവ വചനമാണ്. ദൈവ വചനത്തിന്റെ ശക്തി വളരെ വലുതാണ്. സന്ധിമജ്ജകളെ തുളച്ചു ചെല്ലുന്നതും നമ്മുടെ ഉള്ള് ശോധന ചെയ്യുന്നതുമാണ്. അതുകൊണ്ട് അതിനെ നിഷ്പക്ഷമായി നാം സ്വീകരിക്കണം.

## ദൈവത്തിന്റെ വിശുദ്ധന്മാരെ മതിയാവോളം മുന്നറിയിച്ചിരിക്കുന്നു!

വീണുപോകുന്ന പാപത്തിനെതിരായി തന്റെ ജനത്തെ കർത്താവു നിരന്തരമായി മുന്നറിയിച്ചിട്ടുണ്ട്. എബ്രായ സഹോദരങ്ങളെ മുന്നറിയിക്കുന്നതു നമുക്കു ശ്രദ്ധിക്കാം: “സത്യത്തിന്റെ പരിജ്ഞാനം ലഭിച്ച ശേഷം നാം മനഃപ്പൂർവ്വം പാപം ചെയ്താൽ പാപങ്ങൾക്കു വേണ്ടി ഇനി ഒരു യാഗവും ശേഷിക്കാതെ ന്യായവിധിക്കായി ഭയങ്കരമായൊരു പ്രതീക്ഷയും എതിരാളികളെ ദഹി

പ്പിപ്പാനുള്ള ക്രോധാഗ്നിയുമേയുള്ളൂ" (എബ്രായർ 10:26,27). ഒരിക്കൽ നാം ദൈവത്തിന്റെ സത്യപരിജ്ഞാനം മനസിലാക്കിയാൽ, അതു വിട്ട് അശുദ്ധിയിലേക്കു നമുക്ക് എങ്ങനെ പോകാൻ കഴിയും? അങ്ങനെ പോകുന്നവരെ സാധാരണഗതിയിൽ തിരിച്ചു കൊണ്ടുവരുവാൻ പ്രയാസമാണ്. "സ്വർഗ്ഗീയ ദാനം ആസ്വദിക്കയും പരിശുദ്ധാത്മാവിനെ പ്രാപിക്കയും ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ദൈവത്തിന്റെ ശക്തിയും ആസ്വാദനം ചെയ്തവർ പിന്മാറി പോയാൽ തങ്ങൾക്കു തന്നേ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവന്നു ലോകാപവാദം വരുത്തുന്നവരും ആകകൊണ്ടു അവരെ പിന്നെയും മാനസാന്തരത്തിലേക്കു പുതുക്കുവാൻ കഴിവുള്ളതല്ല" (എബ്രായർ 6:4-6).

"അധർമ്മ മൂർത്തിയുടെ പ്രത്യക്ഷത നശിച്ചുപോകുന്നവർക്കു സത്താന്റെ വ്യാപാരശക്തിക്കു ഒത്തവണ്ണം വ്യാജമായ സകലശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടും കൂടെ ആയിരിക്കും. അവർ രക്ഷിക്കപ്പെടുവാന്തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നെ അങ്ങനെ ഭവിക്കും. സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിനു ദൈവം അവർക്ക് ഭോഷ്ക്ക് വിശ്വസിക്കുമാറ് വ്യാജത്തിന്റെ വ്യാപാരശക്തി അയക്കുന്നു" (2 തെസ്സലൊനിക്യർ 2:9-12), അനേകരുടെ വീഴ്ചക്കു കാരണം സത്യത്തെ സ്നേഹിക്കാത്തതാണ്. സത്യത്തെ സ്നേഹിക്കുന്നവർക്കു അസത്യം വിശ്വസിക്കാൻ സാധ്യമല്ല. ഭോഷ്ക്ക് അവർ ഉപേക്ഷിക്കും. സത്യത്തിന്റെ പ്രാധാന്യം മനസിലാക്കി അതിന്റെ രുചി അനുഭവിച്ചവർക്കു അതു വിട്ടുപോകാൻ കഴിയുകയില്ല.

ദുരുപദേഷ്ടാക്കളും കള്ളപ്രവാചകന്മാരും എങ്ങനെയാണ് ആളുകളെ തെറ്റിദ്ധരിപ്പിക്കുന്നത്? "എന്നാൽ കള്ളപ്രവാചകന്മാരും ജനത്തിന്റെ ഇടയിൽ ഉണ്ടായിരുന്നു. അങ്ങനെ നിങ്ങളുടെ ഇടയിലും ദുരുപദേഷ്ടാക്കൾ ഉണ്ടാകും. അവർ നാശകരമായ മതഭേദങ്ങളെ നുഴയിച്ചു തങ്ങളെ വിലെക്കു വാങ്ങിയ നാഥനെ തള്ളിപ്പറഞ്ഞു തങ്ങൾക്കു തന്നെ ശീഘ്ര നാശം വരുത്തും. അവരുടെ ദുഷ്ക്കാമ പ്രവൃത്തികളെ പലരും അനുകരിക്കും" (2 പത്രൊസ് 2:1,2). പണ്ടു കള്ളപ്രവാചകന്മാർ ഉണ്ടാ

യിരുന്നതു പോലെ ഇന്നുമുണ്ട്. കൂടാതെ ദുരുപദേഷ്ടാക്കന്മാരുമുണ്ട്. ഈ രണ്ടു കൂട്ടരുടെ പ്രവർത്തന ഫലമായിട്ടാണ് മതഭേദങ്ങൾ അഥവാ ഭിന്നിപ്പ് ഉണ്ടാക്കിയിരിക്കുന്നത്. ഭിന്നത ദൈവം വെറുക്കുന്ന ഒന്നാണ്. ദൈവം ഇഷ്ടപ്പെടുന്നത് ഐക്യതയാണ്. ജനങ്ങളെ സത്യത്തിൽ നിന്നും നീതിയിൽ നിന്നും അകറ്റുന്ന ഇത്തരക്കാരെ സൂക്ഷിച്ചുകൊള്ളണമെന്നു വചനം മുന്നറിയിച്ചിരിക്കുന്നു.

**ഇന്നത്തെ ലോകസുഖം എന്ന ശാപം!**

ഇന്നു നാം ജീവിക്കുന്ന കാലയളവിൽ ഭൗതിക കാര്യങ്ങളിൽ കണ്ണുവെച്ചിരിക്കുന്നവർ അവരുടെ കണ്ണുകൾ ആത്മീയവയിലേക്കു തിരിക്കുവാൻ വളരെ പ്രയാസമാണ്! എന്നാൽ ആ വെല്ലുവിളിയാണ് എക്കാലവും ദൈവപൈതൽ നേരിടുന്നത്. ക്രിസ്ത്യാനികളായിത്തീർന്നവർ ക്രിസ്തുവിനോടു കൂടെ ഉയിർത്തെഴുന്നേറ്റതു കൊണ്ട് അവർ ഉയരത്തിലുള്ളതാണ് ചിന്തിക്കേണ്ടത്. ഭൂമിയിലുള്ളതു ചിന്തിച്ചു സമയം പാഴാക്കിയാൽ നമുക്ക് ഉയിർത്തെഴുന്നേറ്റതു കൊണ്ട് അവർ ഉയരത്തിലുള്ളതാണ് ചിന്തിക്കേണ്ടത്. ഭൂമിയിലുള്ളതു ചിന്തിച്ചു സമയം പാഴാക്കിയാൽ നമുക്ക് ഉയരത്തിലുള്ളത് നഷ്ടമാകും. സ്വർഗ്ഗത്തിൽ ദൈവമക്കൾക്കായി വെച്ചിട്ടുള്ള അനുഗ്രഹങ്ങൾ, അവകാശങ്ങൾ, പ്രതിഫലങ്ങൾ അനവധിയാണ്. ഭൂമിയും ഭൂമിയിലുള്ളതെല്ലാം ഓരോരുത്തരും ശാരീരികമായി മരിക്കുമ്പോൾ നഷ്ടമാകും. ലൗകികമായ സുഖം ഇവിടെത്തന്നെ അവസാനിക്കും എന്നർത്ഥം; സ്വർഗ്ഗീയ സുഖം നിത്യമാണ്. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകും. ദൈവേഷ്ടം ചെയ്യുന്നവൻ എന്നേക്കും ജീവിക്കും (1 യോഹന്നാൻ 2:15–17).

നാം ദൈവത്തെ ഉപേക്ഷിക്കയാണ് ലോകത്തെ സ്നേഹിക്കുമ്പോൾ: അങ്ങനെ ദൈവത്തിൽ നിന്നകലുന്നു. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഈ മൂന്നു വിധത്തിലാണ് ആളുകൾ പാപം ചെയ്യുന്നത്: അവയെല്ലാം നമ്മെ കുടുക്കിൽ പെടുത്തുന്നതാണ്. അതുകൊണ്ട് ചതി മോഹങ്ങളിൽ നാം കുടുങ്ങരുത്. "അന്ത്യകാലത്തു ദുർഘട സമയങ്ങൾ വരും എന്നോർക്ക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും

അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും, ഏഷണിക്കാരും. ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും" (2 തിമൊഥെയൊസ് 3:15). ദൈവ സ്നേഹത്തിൽ നിന്നു നമ്മെ അകറ്റുന്ന അനേക വഴികൾ നിങ്ങൾ കാണുന്നുണ്ടോ? യേശുക്രിസ്തു പറഞ്ഞിരിക്കുന്നതു "അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തു പോകും. ലോകത്തിൽ അധാർമ്മികതയാണ് കൂടുതൽ. ദൈവിക ചിന്തയും ദൈവഭക്തിയും കുറഞ്ഞുവരികയാണ്. ലൗകിക ചിന്തയാണ് ആളുകളിൽ അധികവും.

## ഈ ആത്മാക്കളെ രക്ഷിക്കാൻ എന്തു ചെയ്യാം?

മറ്റൊരു തലമുറയ്ക്ക് യഹോവ ഇതിനു മറുപടി നല്കി: "ഉറക്കെ വിളിക്ക; അടങ്ങിയിരിക്കരുത്, കാഹളം പോലെ നിന്റെ ശബ്ദം ഉയർത്തി, എന്റെ ജനത്തിനു അവരുടെ ലംഘനത്തെയും യാക്കോബു ഗൃഹത്തിനു അവരുടെ പാപങ്ങളെയും അറിയിക്ക" (യെശയ്യാവ് 58:1). കർത്താവിന്റെ ദൂതൻ തടവിലായിരുന്ന അപ്പൊസ്തലന്മാർക്കു കൊടുത്ത സന്ദേശം "ഈ ജീവന്റെ വചനം ദൈവാലയത്തിൽ ചെന്നു ജനത്തോടു പ്രസ്താവിപ്പിൻ എന്നു പറഞ്ഞു" (പ്രവൃത്തികൾ 5:20). രക്ഷ ക്രിസ്തുവിന്റെ ഉപദേശത്തിലാണുള്ളത്. അതിനു പുറത്തു ദൈവം പോലും ഇല്ല (2 യോഹന്നാൻ 9,10). മനുഷ്യൻ ഇന്നു വ്യഭിചാരിണികളെ കണ്ടു രസിക്കയും പാപം കണ്ടു തൃപ്തിപ്പെടാതിരിക്കയും ചെയ്യുന്ന കണ്ണുള്ളവരും സ്ഥിരമല്ലാത്ത ദേഹികളെ വശീകരിക്കുന്നവരും ദ്രവ്യാഗ്രഹത്തിൽ അഭ്യാസം തികഞ്ഞ ഹൃദയമുള്ളവരുമായ ശാപയോഗ്യർ" (1 പത്രൊസ് 2:15,16). ക്രിസ്തുവിലുള്ള രക്ഷ ഒരിക്കലും തള്ളിക്കളയരുത്.

## കഴിഞ്ഞ കുറ്റം അടക്കം ചെയ്യൽ

ഏറ്റു മുട്ടലുകൾ മാറ്റുവാൻ ശ്രമിക്കുന്ന ആർക്കും നിരുത്സാഹം ഏറ്റവും വലിയ പ്രശ്നമായി തീരുക എളുപ്പമാണ്. മുൻകാലങ്ങളിലെ കുറ്റമാണ് നിരുത്സാഹത്തിനുള്ള ഒരു കാരണം. ഉദാഹരണമായി ഷെക്സ്പിയറിന്റെ മാക്ബെത്ത്, ഈ മാക്ബെത്ത് എന്ന സ്ത്രീ തന്റെ ഭർത്താവിന്റെ സിംഹാസനാരോഹണത്തിനു വേണ്ടി മുൻപുണ്ടായിരുന്ന രാജാവിനെ കൊല്ലുന്നതിൽ പങ്കുചേർന്നിരുന്നു. എങ്ങനെയായാലും തന്റെ മക്കളെ

വിഷമിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. "നമുക്കു തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിനു തന്നെ എഴുതിയിരിക്കുന്നു" (റോമർ 15:4). പിന്നെ വചനപ്രകാരം എല്ലാ ജ്ഞാനവും കുറ്റം തുടച്ചു നീക്കുവാൻ നല്കിയിരിക്കുന്നു.

ആദ്യമായി, കുറ്റമുള്ള അല്ലെങ്കിൽ ദുഷിച്ച മനസ്സാക്ഷിയുള്ള ഒരാൾ നാശത്തിലേക്കു പോകയും തുടർന്നു ദൈവത്തെ അന്വേഷിച്ച്, താല്പര്യപൂർവ്വം കുറ്റത്തിന്റെ പിടിയിൽ നിന്നു മോചിതനാവാൻ ശ്രമിക്കയും ചെയ്തിരുന്നു. എന്നാൽ, അതിന്റെ ഉദ്ദേശം സാധിച്ചാൽ, കുറ്റത്തെ മാറ്റി നിർത്തണം. ഈ നടപടി സ്നാനത്തിൽ ആരംഭിക്കുന്നു, അവിടെയാണ് ക്രിസ്തുവിനോടു കൂടെ ക്രൂശിച്ച് പഴയ മനുഷ്യനെ നീക്കം ചെയ്തത് (റോമർ 6:6). വാസ്തവത്തിൽ ഈ കുറ്റം നമ്മുടെ ഉള്ളിൽ നിന്നു നീങ്ങിപ്പോകുവാൻ നമുക്കു ധാരാളം കാര്യങ്ങൾ ബോധ്യമാകേണ്ടതുണ്ടെന്നു നമ്മുടെ പിതാവിന് അറിയാം. ദൈവപൈതലിന് അവന്റെ മനസ്സാക്ഷി ശുദ്ധമാകാൻ വലിയ കാര്യങ്ങൾ ദൈവം തന്നെ ഒരുക്കിയിട്ടുണ്ട്.

പഴയ നിയമ സമാഗമന കൂടാരം, ദൈവാലയം, യാഗങ്ങൾ എന്നിവ യിസ്രായേലിന് ദൈവത്തോടു കണക്കു കൊടുക്കേണ്ട ഉത്തരാദിത്വത്തെ ബോധ്യപ്പെടുത്തുന്നു. "ഈ യാഗങ്ങളിൽ" എബ്രായ ലേഖകൻ പറയുന്നു, "ആണ്ടുതോറും അവയാൽ പാപങ്ങളുടെ ഓർമ്മ ഉണ്ടാകുന്നു" (എബ്രായർ 10:3). എന്നാൽ ഇവ, ക്രിസ്ത്യാനികൾക്കു വരുവാനുള്ളതിന്റെ നിഴൽ "പാപം ക്ഷമിച്ചുകിട്ടി എന്നതിന്റെ അറിവ് നല്കുന്നു."

ലേവ്യാപുസ്തകം 16-ൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ മഹാപുരോഹിതൻ ആണ്ടിലൊരിക്കൽ തന്റെയും തന്റെ കുടുംബത്തിന്റെയും പാപങ്ങളുടെ പ്രായശ്ചിത്തമായി കാളക്കുട്ടിയെ യാഗമായി അർപ്പിക്കുന്നു. പിന്നെ കാളക്കുട്ടിയെ ഉപയോഗിച്ച് നടപടിപോലെ, മഹാപുരോഹിതൻ ഒരാട്ടിൻ കൊറ്റനേയും ചെയ്യും - വിശുദ്ധ സ്ഥലത്തിനു മുൻപുള്ള യാഗപീഠത്തിന്റെ മുൻപിൽ വെച്ച് അതിനെ കൊന്ന്, ആ ആടിന്റെ രക്തം എടുത്ത്, സമാഗമന കുടാരത്തിന്റെ പുറത്ത് (അല്ലെങ്കിൽ, പിന്നീട് ദൈവാലയം) പുറകു വശത്ത് വന്ന്, പുറത്തെ മുറിയും അകത്തെ

മുറിയും തമ്മിൽ വേർതിരിച്ചിരിക്കുന്ന തിരശ്ശീലയ്ക്കകത്തു കടന്ന്, ആ മൃഗരക്തം നിയമ പെട്ടകത്തിനു മുകളിൽ രൂപ്പെടുത്തിയ "കൃപാസനത്തിൽ വെച്ചിട്ടുള്ള ധുപവർഗ്ഗത്തിൽ തളിക്കും. അതിനു ശേഷം, അവന്റെ ശുശ്രൂഷകളെല്ലാം കഴിഞ്ഞ്, അവൻ വീണ്ടും-ജനങ്ങൾക്കു പ്രത്യക്ഷനായി രണ്ടാമത്തെ ബലിയാട് എന്നു വിളിക്കുന്ന ആട്ടിൻകുട്ടിയുടെ മേൽ കൈവച്ച് യിസ്രായേലിന്റെ പാപങ്ങൾ ഏറ്റുപറയും. ആ ആടിനെ പിന്നെ വനത്തിൽ കൊണ്ടുപോയി സ്വതന്ത്രമായി വിടുന്നു എന്നത് യിസ്രായേലിന്റെ പാപത്തെ ഒരു വർഷത്തോടുകൂടെ പിന്തള്ളിക്കളഞ്ഞിരിക്കുന്നു എന്നതിന്റെ സുചനയാണ്.

ഏതാണ്ട് ഈ ചടങ്ങ് 1500 വർഷങ്ങളോളം ഭൗതികമായ ഗോളത്തിൽ ഓരോ വർഷവും നടന്നുവന്നു. അങ്ങനെ സ്വർഗ്ഗീയ യെരുശലേമിലേക്കുള്ള ആധുനിക വിശുദ്ധനു ആത്മീയമായി മനസ്സിലാക്കാനുള്ള ഭൗതിക സ്പർശനമായി തീർന്നു. "ക്രിസ്തുവോ വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്നിട്ടു കൈപ്പണിയല്ലാത്തതായി എന്നു വെച്ചാൽ ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി വലിപ്പവും തികവുമേറിയ ഒരു കൂടാരത്തിൽ കൂടി ആട്ടുകൊറ്റന്മാരുടേയും പശുക്കിടാങ്ങളുടേയും രക്തത്താലല്ല, സ്വന്ത രക്തത്താൽ വിശുദ്ധ മന്ദിരത്തിൽ പ്രവേശിച്ചു എന്നേക്കുമുള്ളോരു വീണ്ടെടുപ്പ് സാധിപ്പിച്ചു" (എബ്രായർ 9:11,12). ഈ ഭൗതിക കാര്യങ്ങൾ നമ്മുടെ മനസിൽ മായാതെ യേശുവിനെ ഒരു ആത്മീയ മഹാപുരോഹിതനായി, നമ്മുടെ പാപങ്ങൾ മോചിക്കുവാൻ ആത്മീയ വസ്ത്രത്തിൽ അവന്റെ ആത്മീയ രക്തം തളിക്കുന്നു.

"അതനുസരിച്ച്" ലേഖകൻ പറയുന്നു ഭൗതിക യെരുശലേം നല്കിയതായ, "യാഗങ്ങളും വഴിപാടുകളും ആരാധകന്റെ മനസ്സാക്ഷി പൂർണ്ണമായി ശുദ്ധീകരിക്കാൻ പര്യാപ്തമായിരുന്നില്ല" (എബ്രായർ 9:9) ജഡത്തിലുള്ള യിസ്രായേലിന്റെ മനസ്സാക്ഷി ശുദ്ധമായില്ല! ദൈവത്തിന്റെ ഹൃദയത്തിനു ബോധിച്ച മനുഷ്യനായിരുന്ന ദാവീദ്, ശുദ്ധ ഹൃദയത്തിനു വേണ്ടി നിലവിളിച്ചു, എന്നാൽ അവന്റെ കാലത്തിൽ അതു ലഭിച്ചില്ല. അതുകൊണ്ട്, അതു പറഞ്ഞശേഷം, "ആട്ടുകൊറ്റന്മാരുടെയും കാളകളുടേയും രക്തവും മലിനപ്പെട്ടവരുടെ മേൽ തളിക്കുന്ന പശുഭസ്മവും ജഡി

കശുദ്ധി വരുത്തുന്നുവെങ്കിൽ നിത്യാത്മാവിനാൽ ദൈവത്തിനു തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസ്സാക്ഷിയെ നിർജീവ പ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും?" (എബ്രായർ 9:13,14). ഈ അനുഗ്രഹം പുതിയ ഉടമ്പടിയിൻ കീഴിൽ മാത്രമേ ലഭിക്കുന്നുള്ളു.

ഇവിടെ പല കാര്യങ്ങൽ പ്രാധാന്യം അർഹിക്കുന്നതായിട്ടുണ്ട്.

> മനസാക്ഷി ശുദ്ധീകരിക്കപ്പെടാതെ ആർക്കും ദൈവത്തെ ശരിയായി സേവിക്കാൻ സാദ്ധ്യമല്ല; ദൈവത്തെ ശുശ്രൂഷിക്കാൻ തുടങ്ങുന്നതിനു മുൻപ്, ശുദ്ധീകരണം വേണമെന്ന് തിരുവെഴുത്തു വ്യക്തമായി പറയുന്നു. കുറേ നാളത്തേയ്ക്ക്, ഒരാൾ പുറമേ എല്ലാം ശരിയായി പോകുന്നുണ്ടാകാം, എന്നാൽ അശുദ്ധമനസാകാം അവനെ മലിനമാക്കയും, അവൻ പറയുന്നതും, സ്പർശിക്കുന്നതും ദൈവരാജ്യത്തിനു ദോഷമായി തീരും. അപ്പൊസ്തലനായ പൗലൊസ് തീത്തൊസിനെ ഉപദേശിക്കുന്നു, "ശുദ്ധിയുള്ളവനു എല്ലാം ശുദ്ധം തന്നെ. എന്നാൽ മലിനന്മാർക്കും അവിശ്വാസികൾക്കും ഒന്നും ശുദ്ധമല്ല. അവരുടെ ചിത്തവും മനസ്സാക്ഷിയും മലിനമായി തീർന്നിരിക്കുന്നു. അവർ ദൈവത്തെ അറിയുന്നു എന്നു പറയുന്നുവെങ്കിലും പ്രവൃത്തികളാൽ അവനെ നിഷേധിക്കുന്നു. അവർ അറെക്കത്തക്കവരും അനുസരണം കെട്ടവരും യാതൊരു നല്ല കാര്യത്തിനും കൊള്ളാത്തവരുമാകുന്നു" (തിത്തൊസ് 1:15,16). ഇതിനെ ഒരു നിസാര കാര്യമായി കണക്കാക്കരുത്! മലിനപ്പെട്ട മനസ്സാക്ഷിയോടെ, പുറമേ ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേല്ക്കുക മാത്രം ചെയ്യുന്നതാണ് ദൈവത്തിന്റെ സഭയിലെ നാശകരമായ പ്രവണത. ആദ്യം തന്നെ യൂദ മുന്നറിയിക്കുന്നു: "നമ്മുടെ ദൈവത്തിന്റെ കൃപയെ ദുഷ്ക്കാമവൃത്തിക്കു ഹേതുവായി ഏകനാഥനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ നിഷേധിക്കുന്ന അഭക്തരായ ചില മനുഷ്യർ നുഴഞ്ഞുവിന്നിരിക്കുന്നു. അവരുടെ ഈ ശിക്ഷാവിധി പണ്ടു തന്നെ എഴുതിയിരിക്കുന്നു" (യൂദ 4) അങ്ങനെ തിമൊഥെ

യൊസിനെ പോലെ; നമ്മെയും പ്രബോധിപ്പിക്കുന്നു "ചിലർ നല്ല മനസ്സാക്ഷി തള്ളിക്കളഞ്ഞിട്ടു അവരുടെ വിശ്വാസക്കപ്പൽ തകർന്നു പോയി" (1 തിമൊഥെയൊസ് 1:19). കുറ്റമുള്ള മനസ്സാക്ഷിയോടെ ദൈവത്തെ ആർക്കും സേവിക്കാൻ സാധ്യമല്ല.

പഴയ നിയമത്തിന്റെയും അതുമായി ബന്ധപ്പെട്ട ചടങ്ങുകളുടെയും മുഖ്യ ഉദ്ദേശങ്ങളിൽ ഒന്നാണ്, നല്ല ഉദ്ദേശത്തോടെ പുതിയ നിയമം അനുസരിക്കുവന്നവർക്കു അവരുടെ അശുദ്ധമായ മനഃസാക്ഷിയുള്ളവരെ, സാത്താൻ ശുദ്ധീകരിക്കപ്പെട്ടിരിക്കയാണെന്ന് തെറ്റായി ധരിപ്പിച്ചിരിക്കുന്നത്. അതുപോലെ ശുദ്ധീകരിക്കപ്പെട്ട മനസാക്ഷിയുള്ളവരുടേത് അശുദ്ധമാണെന്ന് സാത്താൻ ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കും. ആത്മാക്കളുടെ ശുദ്ധീകരണം പ്രാപിച്ചവരെക്കുറിച്ച് അപ്പൊസ്തലനായ പത്രൊസ് പരാമർശിക്കുന്നത് "സത്യത്തെ അനുസരിക്കയാൽ" എന്നാണ് (1 പത്രൊസ് 1:22) തെറ്റ് അനുസരിച്ച്, ആർക്കും ആത്മാവ് ശുദ്ധീകരിക്കാനാവില്ല; ആളുകളുടെ മനസ് തലതിരിച്ച് നിർത്താനാണ് സാത്താൻ ആളുകളിൽ ആഗ്രഹിക്കുന്നത്. മൃഗരക്തങ്ങളെയും ക്രിസ്തുവിന്റെ രക്തത്തേയും താരതമ്യം ചെയ്തുകൊണ്ട് പരിശുദ്ധാത്മാവു പറയുന്നു, "എത്ര അധികം" എന്ന് ദൈവ ശക്തിയാൽ നല്ല മനസാക്ഷിയായി ശുദ്ധീകരിക്കപ്പെട്ടവരോട് ഉറപ്പിച്ചു പറയുന്നതാണ്.

ശുദ്ധീകരിക്കുന്ന മാദ്ധ്യമം ക്രിസ്തുവിന്റെ രക്തമാണ്: "അവന്റെ രക്തത്താൽ നാം നീതീകരിക്കപ്പെട്ട്" എന്ന പ്രയോഗം. യേശു ക്രൂശിൽ മരിച്ചപ്പോൾ ക്രിസ്തുവിന്റെ ശരീരമുറിവിൽ നിന്നൊഴുകിയ രക്തമാണ് ഒരാളെ അവന്റെ അടുത്ത് നിർത്തുന്നത് (റോമർ 5:9). ആത്മിയ സമാഗമന കുടാരത്തിൽ ഒരാൾ "വിശ്വാസം" അർപ്പിക്കുന്നു. അപ്പൊസ്തലൻ റോമയിലെ സഹോദരന്മാർക്കു എഴുതുമ്പോൾ അതു വ്യക്തമാക്കുന്നു, "..... വിശ്വസിക്കുന്നവർക്കു അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തം ആകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു" (റോമർ 3:25). പ്രായശ്ചിത്തസ്ഥാനം സ്വർഗ്ഗത്തിലെ വാസ്തവത്തിലുള്ള വിശുദ്ധ സ്ഥല

ത്തുള്ള ആത്മീയ കൃപാസനം അത്രേ. "യേശുവിന്റെ രക്തത്താൽ വിശ്വാസത്താൽ നമുക്ക് കൃപാസനത്തോട് "നമുക്കു അടുത്തു ചെല്ലാം" പിന്നെ അവൻ പറയുന്നു, "അതുകൊണ്ട് നാം ദുർമ്മനസ്സാക്ഷി നീങ്ങുമാറ് ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധ വെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി അടുത്തു ചെല്ലുക" (എബ്രായർ 10:19,22).

കഴിഞ്ഞ കാലത്തിൽ പരാജയപ്പെട്ടവർ അങ്ങനെ ക്രിസ്തുവിനോടു കൂടെ സ്നാനത്തിൽ അടക്കം ചെയ്യുന്നു. വീണ്ടും എബ്രായ ലേഖകൻ ഊന്നിപ്പറയുന്നു, ദൈവം അനുസരിക്കുന്നവരോട് ഉടമ്പടി ചെയ്യുന്നു, വീണ്ടും ആ പ്രസ്താപന നല്കി പറയുന്നു, "അവരുടെ പാപങ്ങളേയും അകൃത്യങ്ങളേയും ഇനി ഓർക്കയുമില്ല'' (എബ്രായർ 10:17,18). അപ്പൊസ്തലനായ പൊലൊസ് പറയുന്നു: "നിങ്ങൾ മരിച്ച് നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടു കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു" (കൊലൊസ്യർ 3:3). എന്തെങ്കിലും മറഞ്ഞിരുന്നാൽ കാണാൻ സാദ്ധ്യമല്ല; എന്തെങ്കിലും കാണുന്നതു, മറക്കാനും സാദ്ധ്യമല്ല. സ്നാനത്തിൽ ക്രിസ്തുവിനോടു കൂടെ അടക്കപ്പെടുമ്പോൾ, കുറ്റമുള്ള മനഃസാക്ഷി നീങ്ങിപ്പോകുന്നു, പഴയകാല പരാജയവും കുറ്റമുള്ള മനസാക്ഷിയും നീങ്ങും.

## ഉൽക്കണ്ഠയിൽ നിന്നുള്ള മോചനം

ഉൽക്കണ്ഠയും വിഷാദവും വാസ്തവത്തിലുള്ള പ്രശ്നങ്ങളായതുകൊണ്ട് ദൈവ വചനത്തിൽ അതിനു പരിഹാരവുമുണ്ട്. "ദൈവം" അപ്പൊസ്തലനായ പൗലൊസ് പറയുന്നു, "എളിയവരെ ആശ്വസിപ്പിക്കുന്നു" (2 കൊരിന്ത്യർ 7:6). ക്രിസ്തുവിൽ അതിനെ സ്വായത്തമാക്കാതെ ആശ്വാസവും പ്രോത്സാഹനവും വരുന്നില്ല. കർത്താവായ യേശു കല്പിച്ച് പറയുന്നു, "എന്തു തിന്നും?' അല്ലെങ്കിൽ 'എന്തു കുടിക്കും?' 'എന്തുടുക്കും?' " എന്നു പറയുന്നു (മത്തായി 6:31). മനസ്സിന്റെ ഒരു തീരുമാന പ്രവൃത്തി എന്ന സൂചനയാണ് ഉൽക്കണ്ഠ അവസാനിപ്പിക്കുവാൻ തീരുമനിക്കേണ്ടതിന്നു കാരണങ്ങൾ വേണം. ആഹാരം, വസ്ത്രം എന്നിവയെക്കുറിച്ച്, ഉദാഹരണമായി ചർച്ച ചെയ്യുവാൻ കർത്താവ് പറഞ്ഞു, "ഇവയെല്ലാം ജാതികൾ അന്വേഷിക്കുന്നു; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് ഇതൊക്കെയും നിങ്ങൾക്കു ആവശ്യം

എന്നു അറിയുന്നുവല്ലൊ" (മത്തായി 6:31). മനസ്സിന്റെ ഒരു തീരുമാന പ്രവൃത്തി എന്ന സൂചനയാണ് ഉൽക്കണ്ഠ മാറ്റാൻ കഴിയും എന്നു കല്പിച്ചിരിക്കുന്നത്. അപ്പോൾ, മനസ്സ്, ഉൽക്കണ്ഠ അവസാനിപ്പിക്കുവാൻ തീരുമാനിക്കേണ്ടതിന്നു കാരണങ്ങൾ വേണം. ആഹാരം, വസ്ത്രം എന്നിവയെക്കുറിച്ച്, ഉദാഹരണമായി ചർച്ച ചെയ്യുവാൻ കർത്താവ് പറഞ്ഞു, "ഇവയെല്ലാം ജാതികൾ അന്വേഷിക്കുന്നു; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് ഇതൊക്കെയും നിങ്ങൾക്കു ആവശ്യം എന്നു അറിയുന്നുവല്ലൊ" (മത്തായി 6:32). സർവ്വത്തെയും സൃഷ്ടിച്ച ദൈവം ക്രിസ്ത്യാനിക്കു സഹായം ആവശ്യമുണ്ടെന്ന് അറിയാം എന്നതും വ്യക്തിപരമായി അവൻ അതിൽ ഇടപെടുമെന്നതും ആശ്വാസകരമത്രേ. എങ്ങനെയായാലും, ദൈവസഹായ വാഗ്ദാനം കടന്നുപോകുന്നതല്ല, പിന്നെയോ പ്രവർത്തിക്കുന്നതാണ്. "മുമ്പേ ദൈവത്തിന്റെ രാജ്യവും അവന്റെ നീതിയും അന്വേഷിക്കുക" അതു ചെയ്താൽ കർത്താവു പറയുന്നു, "എന്നാൽ ഇതൊക്കെയും നിങ്ങൾക്കു ലഭിക്കും" (മത്തായി 6:33). രാജ്യമാണ് പ്രഥമ പരിഗണനയിൽ വരേണ്ടത് എന്നു വിശുദ്ധൻ തീരുമാനിക്കണം, കൂടാതെ ദൈവത്തിന്റെ നീതിയുള്ള നിലവാരത്തെയും പിൻപറ്റി വ്യക്തിയുടെ ഭാഗത്ത് ഈ കല്പന നടപ്പാക്കുന്നതിൽ പരാജയപ്പെട്ടാൽ അയാൾ ഉള്ളുകൊണ്ട് മാറ്റുവാൻ വാസ്തവത്തിൽ അയാൾ ഗൗരവമായി പരിഗണിക്കുന്നില്ല എന്നാണ്.

ഉൽക്കണ്ഠ അതിജീവിക്കുവാൻ വചനത്തിൽ എഴുതിയിരിക്കുന്നു. "ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്" അപ്പൊസ്തലനായ പൗലൊസ് പറയുന്നു, "എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്" (ഫിലിപ്പിയർ 4:6). അച്ചടക്കത്തിൽ ജീവിച്ചു പ്രാർത്ഥനാ ജീവിതത്തിലുള്ളവരുടെ പ്രാർഥനക്കു മറുപടി നല്കുമെന്ന് ഉദാഹരണങ്ങൾ വചനത്തിലുണ്ട്. അതിലൊന്ന് ദാനിയേലിന്റേതാണ്. വിശുദ്ധ ലിഖിതങ്ങളിൽ ആർക്കുവേണ്ടിയാണോ എഴുതിയത് അതിൽ വ്യക്തമാക്കിയിരിക്കുന്നു: "താൻ മുമ്പേ ചെയ്തു വന്നതുപോലെ ദിവസം മൂന്നു പ്രാവശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചു സ്തോത്രം ചെയ്തു" (ദാനിയേൽ 6:10). യാക്കൊബ് പറഞ്ഞു,

"ഏലിയാവു നമുക്കു സമ സ്വഭാവമുള്ള മനുഷ്യൻ ആയിരുന്നു. മഴ പെയ്യാതിരിക്കേണ്ടതിന്നു അവൻ പ്രാർത്ഥനയിൽ അപേക്ഷിച്ചു. മൂന്നു സംവത്സരവും ആറു മാസവും ദേശത്തു മഴ പെയ്തില്ല. അവൻ വീണ്ടും പ്രാർത്ഥിച്ചപ്പോൾ ആകാശത്തു നിന്നു മഴ പെയ്തു, ഭൂമിയിൽ ധാന്യം വിളഞ്ഞു" (യാക്കൊബ് 5:17,18). നമ്മുടെ കർത്താവായ യേശുവും, ഇങ്ങനെ പറയുന്നു, "അവനോ നിർജ്ജനദേശത്തു വാങ്ങിപ്പോയി പ്രാർത്ഥിച്ചുക്കൊണ്ടിരുന്നു" (ലൂക്കൊസ് 5:16). ഈ മനുഷ്യർ തങ്ങളുടെ ഉൽക്കണ്ഠ സമയത്തു പ്രാർത്ഥിച്ചിരുന്നു, അതുകൊണ്ട് അവരുടെ സമ്മർദ്ദവേളയിൽ സ്വർഗ്ഗീയ പിതാവ് അവരെ കൈവിട്ടില്ല. നിരന്തര പ്രാർത്ഥനാ സ്വഭാവമുള്ളവർക്ക് ദൈവമാണ് എല്ലാം നിയന്ത്രിക്കുന്നത്. അതിനാൽ അവൻ പ്രാർത്ഥനക്കു മറുപടി തരുമെന്ന് അറിയാം: ദുഃഖിക്കേണ്ട ആവശ്യമില്ല കാരണം എല്ലാം നീങ്ങുന്നത് സർവ്വശക്തന്റെ പദ്ധതി പ്രകാരമാണ്.

ആവേശകരമായ ദിവസന്തോറുമുള്ള പ്രാർത്ഥനയുടെ രൂപം താഴെ കൊടുക്കുന്നു.

*സങ്കീർത്തനത്തിലെ ഒരു ഭാഗം ഉപയോഗിക്കുക:*

- *അവൻ ആരാണെന്നതിന് ദൈവത്തെ പുകഴ്ത്തുക.*
- *പ്രാർത്ഥിക്കുന്ന വ്യക്തിയോട് ദൈവം അർത്ഥമാക്കിയതിന് ദൈവത്തെ സ്തുതിക്കുക.*
- *പാപത്തെ ഏറ്റുപറയുന്ന ഭാഗം എടുക്കുക.*
- *പാട്ടിൽ ദൈവത്തിന്നു പുകഴ്ച്ച കൊടുക്കുക.*
- *പുതിയ നിയമത്തിൽ നിന്നൊരു ഭാഗം എടുക്കുക:*
- *ദൈവ വചനത്തെ ധ്യാനിക്കുക.*
- *ദൈവ വചനത്തിൽ നിന്നു സ്തുതിക്കുവാനുള്ള സമയം*
- *ദൈവ വചനത്തിൽ നിന്നു നന്ദി പറയുവാനുള്ള സമയം*

*അപേക്ഷകളും യാചനകളും*

- *അന്യദേശങ്ങളിൽ സുവിശേഷം അവർ സ്വീകരിക്കേണ്ടതിന്നു അവിടെയുള്ള ജനങ്ങൾക്കു വേണ്ടി പക്ഷപാതം ചെയ്യുക.*
- *പാട്ടു പാടി ദൈവത്തെ സ്തുതിക്കുക*

ഈ വിധത്തിൽ ദൈവത്തോടടുത്ത് ദിവസേന പ്രാർത്ഥിക്കുന്ന വിശുദ്ധൻ ഒരിക്കലും ആകുലചിത്തനാകുകയില്ല,

കാരണം എല്ലാ സാഹചര്യങ്ങളിലും അയാൾ ദൈവത്തെ സ്തുതിച്ചു നന്ദി കരേറ്റുകയും ദൈവത്തിൽ ആശ്രയിക്കാൻ പഠിക്കയും ചെയ്യും. ഇതു ഉത്ക്കണ്ഠക്കും വിഷാദത്തിനുമുള്ള ഉടനെയുള്ള പരിഹാരമല്ല, എന്നാൽ ഇതു മാത്രമാണ് സത്യത്തിലുള്ള പ്രതിവിധി "മരുന്നു കഴിച്ചാലുടനെ ഭേദമാകണം" എന്നു ചിന്തിക്കുന്ന ലോകത്തിൽ ഉടനടി തയ്യാറാക്കുന്ന ആഹാരം തൊട്ട്, നിസാര തലവേദനക്കു പോലും, പെട്ടെന്ന് എളുപ്പത്തിൽ "ഭേദം" ആകണം. അതു ആകുലതക്കാണെങ്കിലും വിഷാദത്തിനാണെങ്കിലും മെഡിക്കൽ സ്റ്റോറിലെ മരുന്നിനായി ചെല്ലും. എന്നാൽ പരിശുദ്ധാത്മാവും പറഞ്ഞിരിക്കുന്നു, പ്രാർത്ഥന പരിശീലിക്കുന്ന ക്രിസ്ത്യാനി, എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിൽ കാക്കും" (ഫിലിപ്പിയർ 4:7). ക്രിസ്തുവിനെ അനുഗമിക്കുന്ന ആൾ മനസ്സിനെയും ഹൃദയത്തെയും സൂക്ഷിക്കാൻ കഴിയാത്തതിന്റെ കാരണം ദൈവ നിർദ്ദേശങ്ങൾ അനുസരിച്ച് അച്ചടക്കത്തിൽ ജീവിച്ച് ഉൽക്കണ്ഠയെയും വിഷാദത്തെയും അതിജീവിക്കാത്തതുകൊണ്ടാണ്.

ഒരു ശിഷ്യൻ വാസ്തവത്തിൽ ഉൽക്കണ്ഠ അതിജീവിക്കുവാൻ തന്റെ ജീവിതത്തിൽ ദൈവം അവനിൽ നിന്നു ചെയ്യുവാൻ ആഗ്രഹിക്കുന്നത് ചെയ്യണം "അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴ്" "താണിരിപ്പിൻ" അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ (1 പത്രൊസ് 5:6,7). പിതാവ് അവനെ വ്യക്തിപരമായി സ്നേഹിക്കുന്നു എന്നുറപ്പിച്ച്, വിശുദ്ധൻ സ്വമനസ്സാലെ പ്രാർത്ഥനയിൽ ദൈവത്തിന്നു കീഴ്പ്പെടുകയും, ദൈവം തന്റെ ഭുജവീര്യത്താൽ അവന്റെ ഭാരങ്ങളെ നീക്കി നീതി പാതകളിൽ അവനെ നടത്തും. ഉൽക്കണ്ഠയിൻ നിന്നു മോചനം ആഗ്രഹിക്കുന്നവർക്കു സദൃശവാക്യങ്ങൾ വാസ്തവമാണ്: "പൂർണ്ണ ഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക്; സ്വന്ത വിവേകത്തിൽ ഊന്നരുത്" (സദൃശവാക്യങ്ങൾ 3:5).

★

**Watch!**

# SATHYANADAM

# TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro. P.K. VARGHESE

## Saturday 6 am to 6.30 am

## On JAI HIND CHANNEL

കേൾക്കുക!

# സത്യനാദം

ബ്രദർ.

**പി.കെ വർഗ്ഗീസ്**

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

The English Voice of Truth is available.
One can contact Philemon or Kingsley at:
P.C. Philemonrajah, P.O. Box 15, 45 C/1 Church Lane,
Coronation Street, Arasardi, Madurai 625016
Mobile : 9244204420, 9244214421(Kingsley), 0452-2607026(Landline)

## Gospel Preaching On Television & Radio

| | | |
|---|---|---|
| Tamil : | Nambikkai TV | - Every Saturday at 8.00 pm |
| | Tamilan TV | - Every Monday at 6.00 pm |
| | Speaker : **Arjunan** | |
| | Tamilan TV | - Every Sunday at 6.45 am |
| | Nambikkai TV | - Every Sunday at 3.30 pm |
| | Speaker : **Philemon & Kingsley** | |
| | Tamilan TV | - Every Monday at 7.00 am<br>Every Thursday at 9.30 pm<br>Every Saturday at 7.15 am |
| | Speaker : **Rajanayagam** | |
| Hindi : | Subhasandesh TV | - Every Sunday & Tuesday at 7.00 pm |
| | Speaker : **Sunny, Francis & Vinay David** | |
| Malayalam : | Jai Hind TV | - Every Saturday at 6.00 am |
| | Speaker : **P. K. Varghese** | |
| Telugu : | Subhavartha TV | - Every Sunday 6.00 pm |
| | Rakshana TV | - Every Wednessday 6.30 pm |
| | Rakshana TV | - Every Thursday 11.00 am |
| | Sathyavani TV | - Every Wed & Friday 8.00 pm<br>www.sakthitv.in |
| | Aradhana TV | - Every Saturday at 6.30 am |
| | Kanthi TV | - Everyday at 7.30 am & 3.30 pm |
| | Speakers : **Joshua & Ricky Gootam** | |
| Manipur : | TC Network | - Every Monday at 6.30 pm |
| | TC Network | - Every Wed. & Friday at 6.00 am |
| | Speaker : **Thang Lien** | |

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India


From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378


To